**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 489** **23-07-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ പുറംബണ്ടുകൾ ബലപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ മടവീഴ്ച സാദ്ധ്യത കൂടുതലുള്ള പാടശേഖരങ്ങൾ കണ്ടെത്തി അവയുടെ പുറംബണ്ടുകൾ യുദ്ധകാലാടിസ്ഥാനത്തിൽ സൈഡ് കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ; | (എ) | കുട്ടനാട്ടിലെ മടവീഴ്ച സാധ്യത കൂടുതലുള്ള പ്രദേശങ്ങൾ കണ്ടെത്തി അവയുടെ പുറംബണ്ടുകൾ യുദ്ധകാലാടിസ്ഥാനത്തിൽ സൈഡ് കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പ്ലാൻ പദ്ധതി എസ്.ഡി.ആർ.എഫ്, നബാർഡ് എന്നീ പദ്ധതികളിലുൾപ്പെടുത്തി മടവീഴ്ച ഉണ്ടായതും മടവീഴ്ച സാധ്യതയുള്ളതുമായ പുറംബണ്ടുകളുടെ സംരക്ഷണത്തിനായി പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | മടവീഴ്ച തടയുന്നതിന് വകുപ്പിന്റെ നേതൃത്വത്തിൽ കുട്ടനാട്ടിൽ പ്രത്യേക സർവ്വേ നടത്തുന്നതിന് നടപടി ഉണ്ടാകുമോ; അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുമോ? | (ബി) | കനകാശ്ശേരി പാടശേഖരത്തിലെ നിരന്തരമായ മടവീഴ്ച സംബന്ധിച്ച് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനായി Detailed Investigation നടത്തുന്നതിനായി 16/06/2021 – ലെ G.O.(Rt) No.314/2021/WRD പ്രകാരം തിരുവനന്തപുരം LBS Institute of Technology for Women – നെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത പഠനം പൂർത്തിയാകുന്ന മുറയ്ക്ക് അടിയന്തര തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ